LIBRARY ARCHIVES Kerala Legislative Assembly

**അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് നടപടി**

151 (1577) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സർവ്വേ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സർവ്വേയുടെ അടിസ്ഥാനത്തിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് ഏത് വകുപ്പാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഓഫീസിലെ അഴിമതിയുടെ തോത് അളക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർവ്വേ നടത്തിയിട്ടുണ്ട്. പൊതുജന സമ്പർക്കം കൂടുതലുള്ള വകുപ്പുകളെപ്പറ്റി ലഭിക്കുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് സർവ്വേ നടത്തിയത്. പ്രസ്തുത സർവ്വേയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി നടക്കുന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് വിജിലൻസ് ഡയറക്ടർ 22 ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് മുൻപായി തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി കുറയ്ക്കാനായി 'വിജിലന്റ് കേരള' എന്ന പേരിൽ ഒരു ശിപാർശയും തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

**സജി ബഷീറിനെതിരെ വിജിലൻസിന് ലഭിച്ച പരാതികൾ**

152 (1578) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിക്കാർ ആരാണെന്നും ഓരോ പരാതിയും എപ്പോൾ വിജിലൻസ് വകുപ്പിന് ലഭിച്ചുവെന്നും ഓരോ പരാതിയിലും വിജിലൻസ് വകുപ്പ് കൈക്കൊണ്ട നടപടികളെന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

**അഴിമതി കേസ്സുകളിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം**

153 (1579) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പ് രൂപീകരിച്ച് 53 വർഷം പിന്നിടുമ്പോൾ പ്രധാന അഴിമതി കേസ്സുകളിൽ എന്ത് സംഭവിച്ചുവെന്ന കാര്യത്തിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം എടുത്തിരുന്നുവോ;

(ബി) ഗവേഷണം നടത്തേണ്ട കേസ്സുകളുടെ പ്രാഥമിക പട്ടിക വിജിലൻസ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽപ്പെട്ട കേസ്സുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) കോടതികളുടെ തുടർച്ചയായ വിമർശനമാണോ വിജിലൻസിലെ പഴയ കേസ്സുകൾ സംബന്ധിച്ച ഗവേഷണം നടത്താൻ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മുൻ കാലങ്ങളിലെ കേസ്സുകളിലെ അന്വേഷണ നടപടികൾ, കേസ് നടപടികൾ, നിയമനടപടികൾ എന്നിവ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് പ്രയോജന പ്രദമാകുന്ന രീതിയിൽ ഒരു അക്കാഡമിക് പഠനം നടത്തുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തീരുമാനിച്ചിരുന്നു. എന്നാൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസ്സുകളെക്കുറിച്ച് ഗവേഷണ പഠനം നടത്തുന്നതിന് നിയമപരമായ പരിമിതികൾ ഉണ്ടെന്ന റിപ്പോർട്ടാണ് നോഡൽ ഓഫീസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ചത്.

**ആക്കുളം കായൽ അഴിമതിക്കേസ്സിൽ വിജിലൻസ് അന്വേഷണം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly